പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5579 06/07/2012-ൽ മറുപടിക്ക്.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. വി. ശശി<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. പി. തിലോത്തമൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ സ്മാർട്ട് കാർഡുമായി ചികിത്സയ്ക്കെത്തുന്നവർക്ക് ചികിത്സാ സഹായം നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ ഒരു കുടുംബത്തിലെ 5 അംഗങ്ങൾക്ക് പരമാവധി 30,000/- രൂപയുടെ ചികിത്സ, തെരഞ്ഞെടുത്തിട്ടുള്ള സർക്കാർ, സ്വകാര്യ, സഹകരണ ആശുപത്രികളിലെ കിടന്നുള്ള ചികിത്സകൾക്ക് സൗജന്യമായി ലഭിക്കും. കൂടാതെ ഡെകെയർ ആയി വിവിധങ്ങളായ 19 സൗജന്യ ചികിത്സകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ഡിസ്ചാർജ് ആകുന്ന സമയത്ത് യാത്രപ്പടിയായി 100/- രൂപ (ഒരു വർഷം പരമാവധി 10 തവണ)യും, അഞ്ച് ദിവസത്തേക്കാവശ്യമായ മരുന്നും സൗജന്യമായി ലഭിക്കുന്നതാണ്. കൂടാതെ കുടുംബത്തിലെ നാഥൻ/നാഥ അവരുടെ ഭർത്താവ്/ഭാര്യ എന്നിവർക്ക് അപകട മരണം സംഭവിച്ചാലും ഗുരുതരമായ തീപ്പൊള്ളൽ ഏറ്റാലും രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം ലഭിക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) ആരോഗ്യ ഇൻഷ്വറൻസ് രംഗത്ത് സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര കമ്പനികൾ, അവ ഏതെല്ലാമാണ്; | (ബി) ടി വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല. |
| (സി) പ്രസ്തുത പദ്ധതിയിൽ നിന്നും സ്വകാര്യ ആശുപത്രികൾ പിന്മാറുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട് |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ചികിത്സാസഹായം കൊടുത്തു തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുക ഇതുവരെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) പദ്ധതിയിൻ കീഴിൽ 2011-12 സാമ്പത്തിക വർഷം ആശുപത്രികൾക്ക് കൊടുക്കാനുള്ള ചികിത്സാ ചെലവുകൾ കൊടുത്ത് തീർത്തിട്ടുണ്ട്. |
| (ഇ) പ്രസ്തുത പദ്ധതി കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വിശദമാക്കുമോ ? | (ഇ) പദ്ധതി കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ല-സംസ്ഥാന തലത്തിൽ പരാതി പരിഹാരസെല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി കമ്പ്യൂട്ടർ അടിസ്ഥാനപ്പെടുത്തിയുള്ള നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആശുപത്രികളിൽ നിരീക്ഷണം നടത്തുന്നതിന് ഒരു സ്ക്വാഡ് രൂപീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ